# നിലമ്പൂർ ബാലൻ

എം. എൻ.  കാരശ്ശേരി



നിലമ്പൂർ ബാലൻ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Butterfly Hunter, a painting by Carl Spitzweg (1808–1885). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നിലമ്പൂർ ബാലൻ

## ഒന്ന്

മതം സെക്കുലറിസം, വർഗ്ഗീയത തുടങ്ങിയ കാര്യങ്ങളെപ്പറ്റി ചൂടുപിടിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ ഒരിക്കൽ നിലമ്പൂർ ബാലൻ എന്നോടു പറഞ്ഞു:

"യുക്തിവാദികളെയും അവരുടെ സംഘങ്ങളെയും ആണ് ആദ്യം തല്ലേണ്ടത്."

"എന്താ കാര്യം?"

"താനൊന്നാലോചിച്ച് നോക്ക്. ഇല്ലാത്ത ഒരു സാധനമാണ് ദൈവം. അതുണ്ട് എന്ന് പറയുന്ന പണിയാണ് മതവാദികൾക്ക്. അത് നമുക്ക് മനസ്സിലാക്കാം: ഇല്ലാത്ത ഒന്ന് ഉണ്ട് എന്ന പറയാൻ ആള് വേണം, സംഘം വേണം, ജാഥ വേണം. അതുപോലെയാണോ, ഇല്ലാത്ത ഒന്ന് ഇല്ല എന്ന് പറഞ്ഞു കൊണ്ടുനടക്കുന്നത്. അത് വട്ടല്ലേ? അതിന് ആള് വേണോ, സംഘം വേണോ? അതല്ലേ തട്ടിപ്പ്? തല്ലണ്ടേ?"

പാഠഭേദം—91: 1–15 ആഗസ്റ്റ് 1991.

## രണ്ട്

നിലമ്പൂർ ബാലൻ മരിച്ചദിവസം ഞാൻ പനിപിടിച്ച് കിടപ്പായിരുന്നു. അതിനാൽ എനിക്ക് അദ്ദേഹത്തിന്റെ വീട്ടിൽ മരണം അന്വേഷിച്ച് ചെല്ലാൻ സാധിച്ചില്ല.

പറഞ്ഞുകേട്ടതാണ്.

മരണാനന്തരചടങ്ങുകളുടെ കോമാളിത്തരത്തെപ്പറ്റി ബാലൻ പലപ്പോഴും പുച്ഛിച്ച് സംസാരിക്കാറുണ്ടായിരുന്നു. അക്കൂട്ടത്തിൽ റീത്തുവയ്ക്കുന്നതിനെപ്പറ്റിയും പറഞ്ഞു. പലതവണ അദ്ദേഹം ചങ്ങാതിമാരോട് പറഞ്ഞിരുന്നപോൾ: "ഞാൻ മരിച്ചാൽ എന്റെ ദേഹത്താരും റീത്ത വയ്ക്കരുത്."

ബാലൻ മരിച്ചു.

വിവരമറിഞ്ഞെത്തിയ ചില സുഹൃത്തുക്കളുടെ കൈയിൽ റീത്തുണ്ടായിരുന്നു. അവർ ആ വിലക്ക് കേൾക്കാതെ പോയിരിക്കാം: ഓർക്കാതെ പോയതുമാവാം.

സുഹൃത്തുക്കളിൽ ചിലർക്ക് ബാലൻ പണ്ടുപറഞ്ഞ കാര്യം ഓർമ്മ വന്നു.

അവർ അടക്കിപ്പിടിച്ചാണെങ്കിലും അതേപ്പറ്റി ഓർമ്മിപ്പിച്ചു. റീത്ത കൊണ്ടുവന്നവർക്ക് വിഷമം. എന്തു ചെയ്യും? കണ്ടുനിന്ന ചിലർക്കും വിഷമം. എങ്ങനെ അവരെ മടക്കി അയയ്ക്കും? സ്നേഹപ്രകടനം, ആദരപ്രകടനം നിഷേധിക്കുന്നതെങ്ങനെ?

ഒടുക്കം ഒരു സുഹൃത്ത് രണ്ടും കല്പിച്ച് വിധി പറഞ്ഞു:

"റീത്ത് വെയ്ക്ക്. ബാലേട്ടൻ അറിയില്ലല്ലോ."

കഥ ദ്വൈവാരിക—254: 11 സെപ്റ്റംബർ 1991.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014